പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2406** **19/03/2015-ൽ മറുപടിക്ക്**

**മരുന്ന് സംഭരണം**

**ചോദ്യം**

ശ്രീമതി. കെ.എസ്.സലീഖ

**മറുപടി**

ശ്രീ. വി എസ് ശിവകുമാർ

(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ഏതെല്ലാം മരുന്നുകൾ സംഭരിക്കേണ്ടതില്ല എന്ന് തീരുമാനിച്ചുവെന്ന് വ്യക്തമാക്കുമോ ; | (എ) | 2013-14 സാമ്പത്തിക വർഷം ഉണ്ടായിരുന്നതിൽ നിന്നും 2014-15 സാമ്പത്തിക വർഷം നീക്കം ചെയ്ത മരുന്നുകളുടെ പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. 2014-15 സാമ്പത്തിക വർഷം ഉണ്ടായിരുന്നതിൽ നിന്നും 2015-16 സാമ്പത്തിക വർഷം നീക്കം ചെയ്ത മരുന്നുകളുടെ പട്ടിക അനുബന്ധം II ആയി ചേർക്കുന്നു. |
| (ബി) | ഈ സർക്കാർ ഓരോ വർഷവും എത്ര കോടി രൂപയുടെ മരുന്നുകൾ സംഭരിച്ചു എന്നും എത്ര തുക ഏതെല്ലാം മരുന്നു കമ്പനികൾക്ക് നൽകുവാനുണ്ട് എന്നും വ്യക്തമാക്കുമോ; | (ബി) | കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകൃതമായതിനുശേഷം സംഭരിച്ച മരുന്നുകളുടെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| വർഷം | മരുന്നു വാങ്ങിയത് |
|---|---|
| 2008-09 | 125.71 |
| 2009-10 | 148.99 |
| 2010-11 | 155.07 |
| 2011-12 | 177.37 |
| 2012-13 | 310.67 |
| 2013-14 | 280.13 |
| 2014-15 28.02.15 വരെ | 195.38 |
| **ആകെ** | **1393.32** |

മരുന്നുകമ്പനികൾക്ക് നൽകുവാനുള്ള തുക വിവരം, അനുബന്ധം III ആയി ചേർക്കുന്നു.

| | | | |
|---|---|---|---|
| (സി) | കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് എത്ര തുക നൽകുവാനുണ്ട് എന്നും അത് എപ്പോൾ നൽകും എന്നും വ്യക്തമാക്കുമോ; | (സി) | നടപ്പ് സാമ്പത്തിക വർഷത്തിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് മരുന്നു സംഭരണത്തിനായി 242 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിരുന്നെങ്കിലും 110 കോടി രൂപയെ അനുവദിച്ച് കിട്ടിയുള്ളൂ. ബാക്കി തുകയായ 132 കോടി രൂപയിൽ 25 കോടി രൂപ റിലീസ് ചെയ്യുവാനുള്ള അനുമതി ധനവകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. |
| (ഡി) | അടുത്ത വർഷത്തേക്ക് സംഭരിക്കേണ്ട മരുന്നിന്റെ അളവ് എത്രയെന്നും | (ഡി) | വിവരം ശേഖരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| | മുൻവർഷങ്ങളിൽ നിന്നും എത്ര കറവ് വരുത്തിയിട്ടുണ്ട് എന്നും അതിന്റെ കാരണം എന്താണെന്നും വ്യക്തമാക്കുമോ ; | | |
| (ഇ) | രക്തത്തിന്റെ ഉപോൽപ്പന്നങ്ങളായ മരുന്നുകൾ പട്ടികയിൽ നിന്നും ഒഴിവാക്കിയത് തടയുവാൻ എന്തു നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ ; | (ഇ) | 06.01.2015 തീയതിയിൽ കൂടിയ കോർപ്പറേഷന്റെ ഡയറക്ടർ ബോർഡിന് മുമ്പാകെ വിലകൂടിയ 29 ഇനം മരുന്നുകളുടെ ഒരു പട്ടിക സമർപ്പിക്കുകയുണ്ടായി. പ്രസ്തുത മരുന്നുകൾ വാങ്ങുന്നതിനായി ഉദ്ദേശം 36 കോടി രൂപ വേണ്ടിവരും. മേൽ സൂചിപ്പിച്ച 29 ഇനത്തിന്റെ പട്ടികയിൽ ആൽബുമിൻ ഐ.വി. ഇൻജക്ഷൻ 100 മി.ലി., ഐ.വി.ഗാമാഗ്ലോബുലിൻ 5 ഗ്രാം വയൽ എന്നിവ മാത്രം വാങ്ങുന്നതിന് ഏകദേശം 20 കോടി രൂപ വേണ്ടി വരും. ഡ്രഗ്ഗ് റിവിഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരം മേൽപ്പറഞ്ഞ വിലകൂടിയ ഇനം മരുന്നുകൾ സൗജന്യ മരുന്ന് പട്ടികയിൽ നിന്ന് നീക്കം ചെയ്യുന്നതിനും, അത്യാവശ്യഘട്ടങ്ങളിൽ ആവശ്യക്കാരന് ആശുപത്രികളിലെ വിവിധ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തി (RSBY, KBF, CHIS PLUS. HMC വരുമാനം തുടങ്ങിയവ) ടി മരുന്നുകൾ വിതരണം ചെയ്യുന്നതിന് കാരുണ്യാ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാക്കുന്നതിന് വേണ്ട സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ആൽബുമിൻ 20% ഇൻജക്ഷൻ 100 മി.ലി. 2012-13 മുതൽ കോർപ്പറേഷന്റെ മരുന്ന പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ട്.<br><br>ആൽബുമിൻ 20% ഇൻജക്ഷൻ 100 മി.ലി. ന്റെ 2015-16 സാമ്പത്തിക വർഷത്തേക്ക് സംഭരിക്കുവാനായി ലഭിച്ച വാർഷിക ഇൻഡന്റ് 23,375 എണ്ണത്തിനാണ്. ഇത് വാങ്ങുന്നതിനായി ഉദ്ദേശം 5,02,32,875/- രൂപ ചെലവു വരും ഇത് 2014-15 സാമ്പത്തിക വർഷം കോർപ്പറേഷന് മരുന്ന വാങ്ങാൻ വകയിരുത്തിയതിന്റെ 2%ത്തിൽ കൂടുതൽ വരും. ഇക്കാരണങ്ങളാൽ പരമാവധി സാധാരണക്കാർക്ക് ഫലപ്രദമായ രീതിയിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനാണ് പ്രസ്തുത മരുന്നുകൾ ഒഴിവാക്കി മരുന്ന പട്ടിക പരിഷ്കരിച്ചത്. |
| (എഫ്) | 2014-15 സാമ്പത്തിക വർഷം ബജറ്റിൽ എത്ര രൂപയുടെ മരുന്ന് വാങ്ങുവാൻ തീരുമാനിച്ചു; എത്ര കോടി രൂപയുടെ മരുന്നുകൾ വാങ്ങി; ഏതെല്ലാം മരുന്നുകൾ വാങ്ങുന്നത് ഒഴിവാക്കി എന്നും വ്യക്തമാക്കുമോ; | (എഫ്) | 2014-15 സാമ്പത്തിക വർഷം ബജറ്റിൽ 242 കോടി രൂപ വകയിരുത്തിയപ്പോൾ 435 കോടി രൂപയുടെ ഇൻഡന്റാണ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും ചേർന്ന് കോർപ്പറേഷന് നൽകിയത്. ഇതിൽ 250 കോടിയിലധികം രൂപയുടെ പർച്ചേസ് ഓർഡറുകൾ നൽകുകയുണ്ടായി. സർക്കാരിൽ നിന്ന് 110 കോടി രൂപ അനുവദിച്ച് കിട്ടിയിട്ടുണ്ട്. ബാക്കി തുകയായ 132 കോടി രൂപയിൽ 25 കോടി രൂപ റിലീസ് ചെയ്യുവാനുള്ള നടപടി ധനവകുപ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്. 2014-15 സാമ്പത്തിക വർഷം നീക്കം ചെയ്ത മരുന്നുകളുടെ |

| | | | |
|---|---|---|---|
| | | | പട്ടിക അനുബന്ധം I ആയി ചേർക്കുന്നു. |
| (ജി) | മരുന്നു വാങ്ങാനായി 2015-16 ലേയ്ക്കുള്ള ടെൻഡർ എന്നാണ് വിളിച്ചത് എന്നും അതിനുശേഷം ഇന്റന്റിൽ കുറവു വരുത്തിയ മരുന്നുകൾ ഏതെല്ലാം എന്നും വ്യക്തമാക്കുമോ? | (ജി) | 2015-16 സാമ്പത്തിക വർഷത്തേയ്ക്കുള്ള മരുന്നു വാങ്ങുന്നതിനുള്ള ടെൻഡർ ക്ഷണിച്ചത് 08.01.2015 ആണ്. ടെൻഡർ ക്ഷണിച്ചതിനുശേഷം ഇൻഡന്റിൽ മരുന്നുകളൊന്നും കുറവ് ചെയ്തിട്ടില്ല. |

സെക്ഷൻ ഓഫീസർ